ടി.കെ ഉബൈദ്

ഖുർആൻ ബോധനം

1082

# സൂറ – 36 / യാസീൻ

### സൂക്തം: 1–5

മുഹമ്മദീയ പ്രവാചകത്വത്തെ അദ്ദേഹത്തിലൂടെ അവതീർണമായ ഖുർആൻ തന്നെ സാക്ഷ്യപ്പെടുത്തുന്നുവെന്ന് ഉണർത്തിക്കൊണ്ടാണ് സൂറ ആരംഭിക്കുന്നത്. തുടർന്ന് പ്രവാചകന്മാർ ആഗതരാകുമ്പോൾ ആളുകൾ സ്വീകരിക്കുന്ന പരസ്പരവിരുദ്ധമായ സമീപനത്തെക്കുറിച്ച് പറയുന്നു. ചിലർ അദ്ദേഹത്തെ അന്ധമായി നിഷേധിക്കും. ചിലർ പ്രവാചക സന്ദേശത്തിന്റെ യാഥാർഥ്യം ഉൾക്കൊണ്ട് വിശ്വസിക്കാൻ മുന്നോട്ടുവരും. രണ്ടു കൂട്ടരുടെയും സമീപനത്തെയും അതിന്റെ പ്രതിഫലനങ്ങളെയും അല്ലാഹു സൂക്ഷ്മമായി രേഖപ്പെടുത്തുന്നുണ്ടെന്ന് മുന്നറിയിപ്പു നൽകുന്നു.

## ആമുഖം

യാ, *സീൻ*. എന്നീ രണ്ടക്ഷരങ്ങൾ കൊണ്ടാണീ സൂറ തുടങ്ങുന്നത്. ഈ അക്ഷരങ്ങൾ കൊണ്ടുതന്നെ ഈ സൂറ നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു; സൂറ *ത്വാഹാ*യും സൂറ *ഖാഫും* തുടക്കത്തിലെ അക്ഷരങ്ങൾ കൊണ്ട് നാമകരണം ചെയ്യപ്പെട്ടതുപോലെ. ഖുർആനിലെ പല സൂറകളുടെയും തുടക്കം ഇത്തരം ഒറ്റയക്ഷരങ്ങൾ കൊണ്ടാണ്. അറബി ഭാഷയിൽ 28 അക്ഷരങ്ങളാണുള്ളത്. അതിൽ പതിനാല് അക്ഷരങ്ങൾ പല സൂറകളുടെ തുടക്കശബ്ദമായി വന്നിട്ടുണ്ട്. അവ: അലിഫ്(الف), ഹാഅ്(حاء), റാഅ് (راء), സീൻ(سين), സ്വാദ്(صاد), ത്വാഅ്(طاء), ഐൻ(عين), ഖാഫ്(قاف), കാഫ്(كاف), ലാം(لام), മീം(ميم), നൂൻ(نون), ഹാഅ്(هاء), യാഅ്(ياء).

സൂറാരംഭങ്ങളിൽ വരുന്ന ഒറ്റയക്ഷരങ്ങൾക്ക് വ്യത്യസ്ത വ്യാഖ്യാനങ്ങളാണ് ഖുർആൻ പണ്ഡിതന്മാർ നൽകിയിട്ടുള്ളത്. സൂറ തുടങ്ങുമ്പോൾ അനുവാചക ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഉച്ചരിക്കുന്നതാണ് ഈ അക്ഷരങ്ങളെന്ന് ഒരു കൂട്ടർ. ഒറ്റയക്ഷരങ്ങൾ വാക്കുകളെ പ്രതിനിധീകരിക്കുന്നു എന്നാണ് മറ്റൊരു വ്യാഖ്യാനം. ഉദാ: അലിഫ്- അല്ലാഹു, മീം- മുഹമ്മദ് നബി. മറ്റൊരഭിപ്രായം ഇതാണ്: ഖുർആൻ അവിശ്വാസികളോടു നടത്തുന്ന വെല്ലുവിളിയാണ് ഈ അക്ഷരങ്ങൾ. നിങ്ങൾ നിങ്ങളുടെ ആശയ വിനിമയത്തിന് ഉപയോഗിക്കുന്ന ഭാഷയിലെ ഇത്തരം അക്ഷരങ്ങളും വാക്കുകളും കൊണ്ടു തന്നെയാണ് ഈ ഖുർആൻ വിരചിതമായിരിക്കുന്നത്. ഇത് മനുഷ്യരചനയാണെങ്കിൽ ഇതേ അക്ഷരങ്ങളുപയോഗിച്ച് ഖുർആനിലേതുപോലൊരു സൂറ നിങ്ങൾ അവതരിപ്പിച്ചുകാണിക്കുക. ഖുർആനിൽ ചില അവ്യക്ത വചനങ്ങൾ (متشابهات)ഉണ്ടെന്ന് ഖുർആൻ തന്നെ പറഞ്ഞിട്ടുണ്ടല്ലോ. ഇത്തരം അക്ഷരങ്ങൾ അക്കൂട്ടത്തിൽപെട്ടതാണ് എന്ന അഭിപ്രായക്കാരുമുണ്ട്. ഈ വ്യാഖ്യാതാക്കൾക്കെല്ലാം അവരുടേതായ ന്യായങ്ങളുണ്ട്. കൂടുതൽ ഉചിതമായി തോന്നുന്നത് ആദ്യം സൂചിപ്പിച്ച വ്യാഖ്യാനമാണ്. സൂറകളുടെ ആരംഭത്തിലുള്ള ഒറ്റയക്ഷരങ്ങൾ സംബന്ധിച്ച് *ഖുർആൻ ബോധനം* സൂറ *അൽബഖറ* മുതലിങ്ങോട്ടുള്ള പല സൂറകളുടെയും തുടക്കത്തിൽ ചർച്ച ചെയ്തിരിക്കുന്നു. വിഷയത്തിൽ കൂടുതൽ താൽപര്യമുള്ളവർക്ക് അവ കൂടി പരിശോധിക്കാവുന്നതാണ്.

ഈ സൂറയുടെ തുടക്കമായ 'യാ സീൻ' രണ്ടക്ഷരമല്ല, ഒരു വാക്കു തന്നെയാണ് എന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. 'യാ ഇൻസാൻ' (അല്ലയോ മനുഷ്യാ) എന്നതിന്റെ ചുരുക്ക രൂപമാണ് يسين. അബ് സീനിയൻ ഭാഷയിൽ മനുഷ്യനെ ആൻസീൻ(آنسين) എന്നു വിളിച്ചിരുന്നു. അതിനെ അറബീകരിച്ചതുമാകാം 'യാസീൻ' എന്നും അഭിപ്രായമുണ്ട്. 'യാസീൻ' മുഹമ്മദ് നബിയുടെ ഒരു പേ

രാകുന്നു എന്നാണ് ഇനിയൊരഭിപ്രായം. തൊട്ടടുത്ത സൂറ *അസ്സ്വാഫ്ഫാത്തി*ലെ سَلَامٌ عَلَىٰ إِلْ يَاسِينَ-ഇൽയാസീന് സമാധാനം- എന്ന വാക്യത്തിലെ ഇൽയാസീൻ കൊണ്ടുദ്ദേശ്യം മുഹമ്മദ് നബിയാണെന്നും അവർ കരുതുന്നു. യാസീൻ മുഹമ്മദ് നബിയുടെ പേരാണ് എന്ന സങ്കൽപത്തെ ആധാരമാക്കി ലോകമെങ്ങും മുസ്‌ലിംകൾ കുട്ടികൾക്ക് യാസീൻ എന്നു പേരിടാറുണ്ട്. എന്നാൽ ഇപ്പറഞ്ഞ അഭിപ്രായങ്ങൾക്കൊന്നും ആധികാരിമായ തെളിവുകളില്ല.

വിശുദ്ധ ഖുർആനിലെ താരതമ്യേന പ്രാധാന്യമേറിയ സൂറകളിലൊന്നാകുന്നു 'യാസീൻ'. 'ഖുർആനിന്റെ ഹൃദയമാണ് യാസീൻ' എന്ന് നബി(സ) പ്രസ്താവിച്ചതായി തിർമിദിയും ബൈഹഖിയും ഉദ്ധരിച്ചിരിക്കുന്നു. അവയവങ്ങളെ നിയന്ത്രിക്കുന്നതും സദാ സ്പന്ദിച്ചുകൊണ്ട് ശരീരത്തെ സജീവമാക്കുന്നതും ഹൃദയമാണല്ലോ. ശരീരത്തിന്റെ എല്ലാ വശങ്ങളിലേക്കും അത് രക്തം സംക്രമിപ്പിച്ചുകൊണ്ടിരിക്കുന്നു. ദീനീജീവിതത്തിന്റെ എല്ലാ തലങ്ങളെയും പ്രചോദിപ്പിക്കുകയും സക്രിയമാക്കുകയും ചെയ്യുന്ന മൗലിക തത്ത്വങ്ങളുടെയും ആദർശങ്ങളുടെയും കലവറയാണ് 'യാസീൻ'. *യാസീൻ* പരാമർശിച്ച വിഷയങ്ങളുടെ അധികവായനയും വിശദീകരണവുമാണ് ഖുർആന്റെ ഇതര ഭാഗങ്ങൾ. ഖുർആൻ ഉൾക്കൊള്ളുന്ന മുഴുവൻ അധ്യാപനങ്ങളുടെയും സാരസംഗ്രഹം എന്ന അർഥത്തിൽ സൂറ *അൽഫാതിഹ* 'ഖുർആന്റെ മാതാവ്' എന്നു വിശേഷിപ്പിക്കപ്പെട്ടിട്ടുള്ളതുപോലെയാണിത്. ആസന്നമരണരായവർക്ക് യാസീൻ ഓതിക്കേൾപ്പിക്കാൻ നബി(സ) ഉപദേശിച്ചതായി നിവേദനമുണ്ട്. രാത്രികാലത്ത് *യാസീൻ* പാരായണം ചെയ്യുന്നതിലൂടെ പാപമോചനം സിദ്ധിക്കുമെന്നും ചില നിവേദനങ്ങളിൽ പറയുന്നു. ഒരുവട്ടം *യാസീൻ* പാരായണം ചെയ്യുന്നത് പലവട്ടം ഖുർആൻ മുഴുവൻ പാരായണം ചെയ്യുന്നതിനു തുല്യമാണെന്ന് പറയുന്ന നിവേദനങ്ങളുമുണ്ട്. അവയുടെയൊന്നും നിവേദക പരമ്പര പ്രബലമല്ല. എങ്കിലും സാമാന്യ ജനം *യാസീൻ* നിത്യപാരായണം ചെയ്യുകയും മരിച്ച വീട്ടിലും കല്യാണ വീട്ടിലും ഉദ്ഘാടന വേദികളിലും യാത്രയയപ്പു വേളകളിലുമൊക്കെ *യാസീൻ* ഓതി പ്രാർഥിക്കുകയും ചെയ്തുവരുന്നുണ്ട്. നിവേദനങ്ങളുടെ സനദുകൾ പ്രബലമല്ലെങ്കിലും ആശയം ദീനിന്റെ അടിസ്ഥാന വിശ്വാസങ്ങൾക്കോ ശരീഅത്തിന്റെ ഖണ്ഡിതമായ നിയമങ്ങൾക്കോ വിരുദ്ധമല്ല. അതിനാൽ *യാസീനോ*ടുള്ള ആളുകളുടെ സവിശേഷ താൽപര്യത്തെ ബിദ്അത്തായി കാണേണ്ടതില്ല. വിശ്വാസികളുടെ മരണ സമയത്താണല്ലോ മറ്റുള്ളവരോട് *യാസീൻ* ഓതാനുപദേശിക്കുന്നത്. നിവേദനം സത്യമാണെങ്കിൽ മരണവെപ്രാളത്തിന് ആശ്വാസം കിട്ടുകയും ചുറ്റുമുള്ളവരിൽ മരണ വിചാരവും ദൈവബോധവും ഉണർത്തുകയുമാകാം അതിന്റെ ഉദ്ദേശ്യം. അതുപോലെ പാപഗ്രസ്തർ പരലോകത്ത് നേരിടേണ്ടിവരുന്ന ഭീകരമായ പരിണതികൾ വിവരിക്കുന്ന 'യാസീൻ' നിത്യവും രാത്രി പാരായണം ചെയ്യുന്ന വിശ്വാസി പാപങ്ങളിൽനിന്ന് പിന്മാറുകയും ചെയ്തുപോയ പാപങ്ങളിൽ പശ്ചാത്തപിക്കുകയും ചെയ്യും. ഖുർആൻ അർഥമറിഞ്ഞ് പാരായണം ചെയ്യുമ്പോഴേ ഈ ഫലങ്ങളുണ്ടാകൂ. ഇത്തരം സന്ദർഭങ്ങളിൽ *യാസീൻ* പാരായണം ചെയ്യുമ്പോൾ അതിന്റെ തർജമകൂടി പാരായണം ചെയ്യുന്നത് ഉചിതമായിരിക്കുമെന്ന് മൗലാനാ അബുൽ അഅ്‌ലാ മൗദൂദി അഭിപ്രായപ്പെട്ടിരിക്കുന്നു.

മുസ്ഹഫിൽ 36-ാമതായി ചേർത്തിട്ടുള്ള സൂറ അവതരണക്രമമനുസരിച്ച് 41-ാമത്തേതാണ്. സൂറ *അൽജിന്ന്* അവതരിച്ച ശേഷമാണ് *യാസീൻ* അവതരിച്ചതെന്ന് താബിഈ പണ്ഡിതൻ ജാബിറുബ്നു സൈദ് പ്രസ്താവിച്ചിരിക്കുന്നു. നബി(സ)യുടെ മക്കാ ജീവിതം ആദ്യപകുതി പിന്നിട്ട ശേഷം ഒരുപക്ഷേ, ഹിജ്റയോടടുത്ത കാലത്ത് ആയിരിക്കണം ഈ സൂറ അവതരിച്ചതെന്നാണ് ഉള്ളടക്കത്തിന്റെ വിവരണ ശൈലി വിലയിരുത്തിയ പണ്ഡിതന്മാർ അനുമാനിക്കുന്നത്.

ഒറ്റയക്ഷരങ്ങൾ കൊണ്ട് ആരംഭിക്കുന്ന മറ്റു മക്കീ സൂറകളുടേതുപോലെ ഈ സൂറയുടെയും മുഖ്യപ്രമേയങ്ങൾ തൗഹീദും ആഖിറത്തും രിസാലത്തും തന്നെയാണ്. ദൈവാസ്തിക്യവും ഏകത്വവും ദൈവത്തിന്റെ സർവജ്ഞതയും സർവശക്തിയും ആസൂത്രണപാടവവും യുക്തിദീക്ഷയും നീതിനിഷ്ഠയുമെല്ലാം ചുറ്റും കാണപ്പെട്ട പ്രാപഞ്ചിക പ്രതിഭാസങ്ങളെ ദൃഷ്ടാന്തങ്ങളായി ചൂണ്ടിക്കാണിച്ചുകൊണ്ട് ബോധ്യപ്പെടുത്തുന്നു.

മുഹമ്മദീയ പ്രവാചകത്വത്തെ അദ്ദേഹത്തിലൂടെ അവതീർണമായ ഖുർആൻ തന്നെ സാക്ഷ്യപ്പെടുത്തുന്നുവെന്ന് ഉണർത്തിക്കൊണ്ടാണ് സൂറ ആരംഭിക്കുന്നത്. തുടർന്ന് പ്രവാചകന്മാർ ആഗതരാകുമ്പോൾ ആളുകൾ സ്വീകരിക്കുന്ന പരസ്പരവിരുദ്ധമായ സമീപനത്തെക്കുറിച്ച് പറയുന്നു. ചിലർ അദ്ദേഹത്തെ അന്ധമായി നിഷേധിക്കും. ചിലർ പ്രവാചക സന്ദേശത്തിന്റെ യാഥാർഥ്യം ഉൾക്കൊണ്ട് വിശ്വസിക്കാൻ മുന്നോട്ടുവരും. രണ്ടു കൂട്ടരുടെയും സമീപനത്തെയും അതിന്റെ പ്രതിഫലനങ്ങളെയും അല്ലാഹു സൂക്ഷ്മമായി രേഖപ്പെടുത്തുന്നുണ്ടെന്ന് മുന്നറിയിപ്പു നൽകുന്നു.

തുടർന്ന് പ്രവാചകനിയോഗമുണ്ടായ ഒരു ജനതയെ ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്നു. ഒന്നിനു പിറകെ ഒന്നായി വന്ന മൂന്നു പ്രവാചകന്മാരെ നിഷേധിച്ചു തള്ളിക്കൊണ്ട് ആ ജനം അധർമങ്ങളിലും അനാചാരങ്ങളിലും അന്ധവിശ്വാസങ്ങളിലും ഉറച്ചുനിന്നു. പ്രവാചകനിൽ വിശ്വസിക്കുകയും വിശ്വസിക്കണമെന്ന് ആളുകളെ ഉപദേശിക്കുകയും ചെയ്ത ഒരാളുണ്ടായിരുന്നു. അയാളെ അവർ കൊന്നുകളഞ്ഞു. കൊല്ലപ്പെട്ട രക്തസാക്ഷി സ്വർഗസ്ഥനായി. കൊന്നവരൊക്കെ നരകസ്ഥരും. തുടർന്ന് അത്തരം നിലപാട് കൈക്കൊണ്ട ജനതകൾ ഈ ലോകത്തു തന്നെ സമ്പൂർണ നാശം നേരിട്ടത് അനുസ്മരിപ്പിക്കുന്നു.

അനന്തരം മരണാനന്തര ജീവിതത്തെക്കുറിച്ച് പറയുന്നു. മൃതമായിക്കിടന്ന ഭൂമി സസ്യശ്യാമളമായി സജീവമാകുന്നതും രാപ്പകൽഭേദവുമെല്ലാം മരിച്ചുപോയവരെ ഉയിർത്തെഴുന്നേൽപിക്കാനുള്ള അല്ലാഹുവിന്റെ കഴിവിന്റെ നിദർശനമാണ്. സൂര്യചന്ദ്രന്മാരും മറ്റു ഗോളങ്ങളും ഭൂമിയിലെ മനുഷ്യവാസത്തിനു സഹായകമാംവണ്ണം സ്ഥാപിച്ചു നിലനിർത്തുന്നതും കപ്പൽ സഞ്ചാരം സാധ്യമാകുന്ന വണ്ണം സമുദ്രത്തെ സംവിധാനിച്ചതും അവന്റെ ആസൂത്രണപാടവത്തിന്റെ ദൃഷ്ടാന്തങ്ങളാണ്.

ലോകാവസാനത്തിന്റെയും ഉയിർത്തെഴുന്നേൽപിന്റെയും വിചാരണാ സഭയുടെയും ഭയാനകത ഈ സൂറ വർണിക്കുന്നുണ്ട്. ഈ ലോകത്ത് ദൈവത്തെയും ഉയിർത്തെഴുന്നേൽപിനെയുമെല്ലാം നിഷേധിച്ചു നടന്നവർ അന്ന് അതെല്ലാം അംഗീകരിക്കുകയും കീഴ്പ്പെടുകയും ചെയ്യും. പക്ഷേ, അപ്പോഴത്തെ വിശ്വാസം കൊണ്ടും വിധേയത്വം കൊണ്ടും

ഒരു ഗുണവുമുണ്ടാവില്ല. ചെകുത്താൻ മനുഷ്യരുടെ ബദ്ധവൈരിയാണെന്ന സത്യം അല്ലാഹു ആവർത്തിച്ചുണർത്തിയിട്ടും വകവെക്കാതെ ചെകുത്താന്റെ ദുർബോധനങ്ങൾക്കു വഴങ്ങി ദൈവത്തെ ധിക്കരിച്ചതിന്റെ അനിവാര്യ ഫലമായി അവർ അതിഭീകരമായി ആളിക്കത്തുന്ന നരകത്തിലേക്ക് തള്ളപ്പെടുന്നു. ഈ ലോകത്ത് പീഡനവും പരിഹാസവും അനുഭവിച്ചുകൊണ്ട് സത്യവിശ്വാസത്തിലും ധർമമാർഗത്തിലും ചരിച്ച സജ്ജനം നിത്യാനന്ദത്തിന്റെയും പരമശാന്തിയുടെയും ഭവനമായ സ്വർഗത്തിലേക്കു സ്വാഗതം ചെയ്യപ്പെടുന്നു.

മുഹമ്മദ്(സ) വെറുമൊരു കവിയാണെന്ന അവിശ്വാസികളുടെ ആരോപണത്തെ ഖണ്ഡിച്ചുകൊണ്ടു പറയുന്നു: അദ്ദേഹം കവിയല്ല, പ്രത്യുത മൃതമനസ്സുകളെ സത്യജ്ഞാനം കൊണ്ട് സജീവമാക്കുന്ന ദൈവദൂതനാണ്. മനുഷ്യർ തങ്ങൾക്ക് അനുഗൃഹീതമായ ജീവിതവും ജീവിതോപാധികളുമരുളിയ കാരുണ്യസാഗരമായ സ്രഷ്ടാവിനോട് നന്ദിയുള്ളവരായിരിക്കേണ്ടതിന്റെ അനിവാര്യത ബോധ്യപ്പെടുത്തുകയാണ് അദ്ദേഹത്തിന്റെ ദൗത്യം. നിർജീവമായ ശിലാവിഗ്രഹങ്ങളെ അനുഗ്രഹദാതാക്കളായി കരുതി ആരാധിക്കുന്നതിന്റെ നിരർഥകതയും ചൂണ്ടിക്കാട്ടുന്നു.

മരണാനന്തര ജീവിതത്തിന്റെ അനിഷേധ്യമായ തെളിവുകൾ ഊന്നിപ്പറഞ്ഞുകൊണ്ടാണ് സൂറ സമാപിക്കുന്നത്. സൃഷ്ടിയുടെ ആരംഭം, ആകാശഭൂമികളുടെ സൃഷ്ടി, മനുഷ്യന്റെ പടിപടിയായുള്ള വളർച്ച, വൈവിധ്യമാർന്ന സസ്യലതാദികളുടെ സാന്നിധ്യം, ഉണങ്ങിയ മരത്തിൽനിന്ന് അഗ്നിയുളവാകുന്നത് തുടങ്ങിയ പ്രതിഭാസങ്ങളിലെല്ലാം തിളങ്ങുന്ന, സ്രഷ്ടാവിന്റെ സൃഷ്ടിവൈഭവത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ബോധമണ്ഡലത്തെയും വികാരത്തെയും പിടിച്ചുകുലുക്കുന്നതാണ് *യാസീനി*ലെ ഓരോ വചനവും. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ഉറച്ചു നിൽക്കണമെന്ന ദുശ്ശാഠ്യമില്ലാത്ത മനസ്സുകൾക്ക് അതവതരിപ്പിക്കുന്ന തെളിവുകളും ന്യായങ്ങളും സമ്മതിക്കാതിരിക്കാൻ കഴിയില്ല. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും അഭിരമിക്കുന്നവർ പ്രത്യക്ഷത്തിൽ നിഷേധിക്കുമ്പോഴും അവരുടെ മനസ്സാക്ഷി തന്നെ ആ നിഷേധത്തെ ചോദ്യം ചെയ്യുന്നുണ്ടാകും. ●

---

**സൂറഃ യാസീൻ**
**സൂക്തം: 83, അവതരണം മക്കയിൽ**

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

**പരമദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ**

يسٓ ﴿١﴾
وَالْقُرْآنِ الْحَكِيمِ ﴿٢﴾
إِنَّكَ لَمِنَ الْمُرْسَلِينَ ﴿٣﴾
عَلَىٰ صِرَاطٍ مُسْتَقِيمٍ ﴿٤﴾
تَنْزِيلَ الْعَزِيزِ الرَّحِيمِ ﴿٥﴾

1. യാസീൻ
2. ജ്ഞാനദായകമായ ഈ ഖുർആൻ സാക്ഷി
3. തീർച്ചയായും നീ ദൈവദൂതൻ തന്നെയാകുന്നു.
4. നേരായ പാതയിൽ ചരിക്കുന്നവൻ.
5. ഖുർആനോ, അജയ്യനും കരുണാമയനുമായ അല്ലാഹുവിങ്കൽനിന്ന് അവതീർണമത്രെ.

**1–5**

وَالْقُرْآنِ الْحَكِيمِ = ഈ ജ്ഞാനദായകമായ ഖുർആൻ ആണ (സാക്ഷി) إِنَّكَ = തീർച്ചയായും നീ
لَمِنَ الْمُرْسَلِينَ = ദൈവദൂത(ൻ)മാരിൽപെട്ടവൻ തന്നെയാകുന്നു
عَلَىٰ صِرَاطٍ مُسْتَقِيمٍ = നേരായ പാതയിന്മേൽ (ചരിക്കുന്നവൻ) تَنْزِيلَ = (ഖുർആനോ) പടിപടിയായി ഇറക്കൽ (അവതീർണം) അത്രെ
الْعَزِيزِ الرَّحِيمِ = കരുണാമയ(നും)നായ അജയ്യന്റെ (അജയ്യനുമായ അല്ലാഹുവിങ്കൽനിന്ന്)

തുടക്കത്തിലെ യാ-സീൻ ശബ്ദത്തെക്കുറിച്ച് സൂറയുടെ ആമുഖത്തിൽ പറഞ്ഞു കഴിഞ്ഞിരിക്കുന്നു. وَالْقُرْآنِ എന്നതിലെ 'വ' (واو) ആണയിടുന്നതിനെ- സത്യം ചെയ്യുന്നതിനെ- കുറിക്കുന്നതാണെന്ന് القرآن എന്ന നാമപദത്തിന്റെ അന്ത്യാക്ഷരത്തിന്റെ ഇകാരം (جرّ) സൂചിപ്പിക്കുന്നു. وَالْقُرْآنِ എന്നാൽ 'ഖുർആൻ ആണ്'. ഇത്തരം സന്ദർഭങ്ങളിൽ

ഒരു കാര്യത്തെപ്പിടിച്ച് ആണയിടുന്നതിന്റെ താൽപര്യം ആ കാര്യത്തെ സാക്ഷിയായി ഉന്നയിക്കലാകുന്നു എന്ന് മൗലാനാ ഹമീദുദ്ദീൻ ഫറാഹിയെ പോലുള്ള പണ്ഡിതന്മാർ വിശദീകരിച്ചിരിക്കുന്നു. നിയമം, വിധി, വിധികർതൃത്വം, ജ്ഞാനം, ഉറപ്പ് എന്നിങ്ങനെ അർഥങ്ങളുള്ള حكم -ന്റെ കർതൃരൂപങ്ങളിലൊന്നാണ് حكيم . തത്ത്വജ്ഞാനത്തിനും അടിസ്ഥാന തത്ത്വങ്ങൾക്ക് യോജിച്ച പ്രയോഗ തന്ത്രങ്ങളാവിഷ്കരിക്കുന്നതിനും حكمة എന്നു പറയും. حاكم ഭരണാധികാരിയാണ്. തർക്കങ്ങളിൽ തീരുമാനമുണ്ടാക്കുന്ന മധ്യസ്ഥനാണ് حَكَم . أحكام നിയമങ്ങളാണെങ്കിൽ إحكام സുവ്യക്തവും സുഭദ്രവുമാകലാകുന്നു. സുവ്യക്തവും സുഭദ്രവുമായ സൂക്തങ്ങളാണ് آيات محكمات. ജ്ഞാനിയാണ് حكيم . ജ്ഞാനം പ്രസരിപ്പിക്കുന്ന ആവിഷ്കാരങ്ങളെയും حكيم എന്നു വിശേഷിപ്പിക്കും. വിശുദ്ധ ഖുർആനെ حكيم എന്നു വിശേഷിപ്പിക്കുമ്പോൾ حُكم -ന്റെ മേൽ പറഞ്ഞ എല്ലാ ആശയങ്ങളും ഉൾക്കൊള്ളുന്ന വിശേഷണമാണത്. وَالْقُرْآنِ الْحَكِيمِ എന്നത് إِنَّكَ لَمِنَ الْمُرْسَلِينَ -ന്റെ ഒന്നാമത്തെയും عَلَىٰ صِرَاطٍ مُّسْتَقِيمٍ രണ്ടാമത്തെയും ആഖ്യത (خبر) മാണ്. نَزَّلَ -യുടെ ക്രിയാമൂല(مصدر) ആണ് تنزيل. സാദരം, സഗൗരവം, പടിപടിയായി ഇറക്കുക എന്നാണ് ആശയം.

സൂക്തങ്ങളുടെ സാരമിതാണ്: സത്യത്തിന്റെയും ധർമത്തിന്റെയും നേർവഴിയിലൂടെ ജീവിതം നയിക്കുകയും ആ വഴിയിലേക്ക് സഹജീവികളെ ക്ഷണിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന നീ- മുഹമ്മദ്(സ)- ഒരു ദൈവദൂതൻ തന്നെയാകുന്നു എന്നതിന് ദിവ്യജ്ഞാനങ്ങൾ വെളിപ്പെടുത്തുകയും സത്യത്തിന്റെയും ധർമത്തിന്റെയും നിയമങ്ങൾ വിധിച്ചുതരികയും ചെയ്യുന്ന സുവ്യക്തവും സുഭദ്രവുമായ ഈ ഖുർആൻ സാക്ഷിയാകുന്നു. ഖുർആനാകട്ടെ കരുണാവാരിധിയും അജയ്യനുമായ പ്രപഞ്ചനാഥനിൽനിന്ന് അവതീർണമായതാണ്. അതു വെളിപ്പെടുത്തുന്ന അതീന്ദ്രിയ ജ്ഞാനങ്ങളും അതിഭൗതിക യാഥാർഥ്യങ്ങളും ധർമ-നീതികളെ സാക്ഷാത്കരിക്കുന്ന നിയമവിധികളും അക്കാര്യം അസന്ദിഗ്ധമായി സ്ഥാപിക്കുന്നു. ദൈവം തെരഞ്ഞെടുത്തു നിയോഗിച്ച ഒരു പ്രവാചകനല്ലാതെ ഈ വിധം ജ്ഞാനബന്ധുരവും സുവ്യക്തവും അമാനുഷവുമായ വചനസമുച്ചയം അവതരിപ്പിക്കാൻ കഴിയില്ല. അമാനുഷമായ ഖുർആൻ എന്നു പറയുന്നതിനു തുല്യമാണ് പൂർണമായ അർഥത്തിൽ حكيم ആയ ഖുർആൻ എന്നു പറയുന്നത്. എല്ലാ അർഥത്തിലും حكيم ആയ ഒരു ഗ്രന്ഥം ചമക്കുക മനുഷ്യധിഷണക്കും പ്രതിഭക്കും അതീതമായ കാര്യമാണ്.

ഖുർആൻ പഠിപ്പിക്കുന്നത് സത്യമാണ്, ഉപദേശിക്കുന്നത് ധർമമാണ്, വിധിക്കുന്നത് നീതിയാണ്. സത്യാന്വേഷണ താൽപര്യത്തോടെ ഖുർആൻ വായിക്കുന്നവർക്ക് അത് ബോധ്യമാകും. ഖുർആൻ പഠിപ്പിക്കുന്ന അതേ സത്യസന്ദേശങ്ങളുടെയും ധർമസൂത്രങ്ങളുടെയും നീതിസാരങ്ങളുടെയും തെളിഞ്ഞ നേർവഴിയിലൂടെയാണ് മുഹമ്മദ്(സ) സഞ്ചരിക്കുന്നതെന്ന് അദ്ദേഹത്തിന്റെ ജീവിതം നിഷ്പക്ഷമായി നിരീക്ഷിക്കുന്നവർക്കും ബോധ്യമാകും. ആ നിലക്ക് പ്രവാചകന്റെ സന്മാർഗനിഷ്ഠക്കും ഖുർആൻ സാക്ഷിയാകുന്നു. പക്ഷാപാതിത്വങ്ങൾ കൊണ്ടും ഭൗതികാസക്തികൾ കൊണ്ടും മുൻധാരണകൾ കൊണ്ടും വികലമാകാത്ത ശുദ്ധമായ മനുഷ്യപ്രകൃതി ആവശ്യപ്പെടുന്ന ധർമങ്ങൾ മാനുഷിക ഭാഷയിൽ ഓർമിപ്പിക്കുകയാണ് ഖുർആൻ. പ്രവാചകൻ പ്രബോധനം ചെയ്യുന്ന ഖുർആനികാധ്യാപനങ്ങൾ തള്ളിക്കളയുന്നവർ തള്ളിക്കളയുന്നത് സ്വന്തം ജീവിതത്തിന്റെ യാഥാർഥ്യത്തെയാണ്, നിഷേധിക്കുന്നത് തന്റെ പ്രകൃതിയുടെ വിശുദ്ധിയെയും മഹത്വത്തെയുമാണ്.

ഖുർആൻ ഒരു പുസ്തകമാക്കി തുന്നിക്കെട്ടി ഭൂമിയിലേക്ക് എറിഞ്ഞുകൊടുക്കുകയല്ല അല്ലാഹു ചെയ്തത്. ഒരു മലക്കിലൂടെയോ മനുഷ്യനിലൂടെയോ ഒറ്റയടിക്ക് ഒന്നായി ലോകത്തെ ഓതിക്കേൾപ്പിക്കുകയുമല്ല. മറിച്ച് ആദരവോടെ, ഗൗരവത്തോടെ, ക്രമാനുഗതമായി അവതരിപ്പിക്കുകയായിരുന്നു. ഖുർആനിന്റെ മറ്റൊരു മഹത്വമാണിത്. ഓരോ സൂക്തവും അവതരിക്കുന്നത് അതിന്റെ ശരിയായ സമയത്തും സന്ദർഭത്തിലുമാണ്. അവതരണ പശ്ചാത്തലത്തിൽനിന്നുതന്നെ അനുവാചകർക്ക് ആ സൂക്തത്തിന്റെ അർഥവും താൽപര്യവും ഗ്രഹിക്കാനാകും. അതിലുപരി ഓരോ സന്ദർഭത്തിലും പ്രവാചകൻ അതിന്റെ കർമമാതൃക കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. ഖുർആന്റെ പടിപടിയായ അവതരണത്തെ അല്ലാഹുവിന്റെ അജയ്യതയോടും കാരുണ്യത്തോടും ചേർത്തു പറഞ്ഞത് ശ്രദ്ധേയമാകുന്നു. അജയ്യനിൽനിന്ന് അവതരിച്ചതിനാൽ അതിൽ അസത്യവും അബദ്ധവുമുണ്ടാവുക അസംഭവ്യമാകുന്നു. അതിനെ വെല്ലുന്ന മറ്റൊന്ന് അവതരിപ്പിക്കാനും ആർക്കും കഴിയില്ല. തള്ളുകയോ കൊള്ളുകയോ ചെയ്യാവുന്ന തരത്തിൽ ആരെങ്കിലും സമർപ്പിക്കുന്ന ഒരപേക്ഷയല്ല ഇതെന്ന് ഓർത്തിരിക്കണം. നിർബന്ധമായി അനുസരിക്കേണ്ടതും ധിക്കരിച്ചാൽ ശിക്ഷയനുഭവിക്കേണ്ടിവരുന്നതുമായ നിയമശാസനയാണിത്. കരുണാമയനായ അല്ലാഹു തന്റെ സൃഷ്ടികളോടുള്ള കാരുണ്യം കൊണ്ടാണ് ഇത് അവതരിപ്പിച്ചുതന്നത്. ഖുർആനിലുള്ള ഉപദേശനിർദേശങ്ങളും വിധിവിലക്കുകളുമെല്ലാം മനുഷ്യരോടുള്ള അല്ലാഹുവിന്റെ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും താൽപര്യമാകുന്നു. ഖുർആനിനെ മാനിക്കുമ്പോൾ മാനിക്കുന്നത് അല്ലാഹുവിന്റെ സ്നേഹത്തെയാണ്. അല്ലാഹുവിന്റെ സ്നേഹത്തിനുള്ള നന്ദിപ്രകടനം ഖുർആനിനെ അനുസരിക്കുകയാണ്. ●